ഭരണഭാഷ-മാതൃഭാഷ

നമ്പർ.400974/BADC01/GPO/2023/10753/(1)

കക്കോടി ഗ്രാമ പഞ്ചായത്ത് ആഫീസ്
കക്കോടി
കക്കോടി.പി.ഓ
കോഴിക്കോട്
Phone No:04952265711
E-mail:kakkodigp@gmail.com

തീയതി : 13/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ് , കോഴിക്കോട്

സർ,

വിഷയം:- നവകേരള സദസ്സ് - തദ്ദശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ഉപജില്ല സ്ഥിരം അദാലത്ത് സമിതി കത്ത് - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 12/12/2023 തിയ്യതിയിലെ IVO1/01/23 നമ്പർ കത്ത്.

സൂചന 1 പ്രകാരം ലഭിച്ച കത്ത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നു.

കക്കോടി ഗ്രാമപഞ്ചായത്ത് വാർഡ് 18 ൽ കക്കോട് വില്ലേജ് മക്കട മോരിക്കര ദേശത്ത് റി.സ 40/9 ൽ ഉൾപ്പെട്ട 1.8737 ആർസ് തോട്ടം വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥലത്ത് സ്ഥലത്ത് ശ്രീമതി.നിഷ , ശ്രീ.രാഘവൻ , ശാന്തിരുത്തി വയൽ , കരുവിശ്ശേരി പി.ഒ എന്നിവരുടെ 06/10/2022 തിയ്യതിയിലെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് പെരുമനുദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം പരിശോധിച്ച് 05/11/202 തിയ്യതിയിൽ താഴെ ചേർത്ത അപാകതകൾ റിപ്പോർട്ട് ചെയ്തിരുന്നു. ആയത് പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് 15/11/2022 തിയ്യതിൽ കത്ത് നൽകിയിട്ടുണ്ട്.

1.കെട്ടിടം റോഡിൽ നിന്നും 1.70 മീറ്റർ അകലം മാത്രമേ പാലിക്കുന്നുള്ളൂ. Rule 23(2) പ്രകാരമുള്ള അകലം പാലിക്കേണ്ടതാണ്

2.പ്ലാനിൽ കാണിച്ച proposed soakpit , സെപ്റ്റിക് ടാങ്ക് എന്നിവ റോഡിൽ നിന്നും 3 മീറ്റർ അകലം

പാലിക്കേണ്ടതാണ്

3.ബിൽഡിംഗ് പ്ലാനിൽ സൺഷെഡ് **projections** , സർവീസ് പ്ലാനിൽ സീവേജ് ലൈൻ എന്നിവ മാർക്ക് ചെയ്യേണ്ടതാണ്

18/01/2023 തിയ്യതിയിൽ അപാകതകൾ പരിഹരിച്ചതായി കാണിച്ച് സമർപ്പിച്ച മറുപടിയിൽ അപേക്ഷകർക്ക് 12/04/2010 തിയ്യതിയിൽ അനുവദിച്ച A4-638/09-10 നമ്പർ പെർമിറ്റ് kpbr-2011 പ്രകാരം പരമാവധി കാലാവധിയായ 10/04/2019 തിയ്യതി വരെ ദീർഘിപ്പിച്ച് അനുവദിച്ചിരുന്ന പെർമിറ്റ് , പ്ലാൻ പകർപ്പുകൾ എന്നിവ ഹാജരാക്കിയിരുന്നു. പ്ലാൻ പകർപ്പുകൾ പഞ്ചായത്തിൽ ലഭ്യമായ പെർമിറ്റ് ഫയൽ എന്നിവ പരിശോധിച്ചതിൽ കക്കോടി- എൻ.വി റോഡിൽ നിന്ന് 3 മീറ്റർ അകലം പാലിച്ചാണ് അനുമതി നൽകിയിട്ടുള്ളതെന്നും റോഡ് വീതി 4 മീറ്റർ എന്ന് രേഖപ്പെടുത്തിയതായും കാണുന്നു.

പ്രസ്തുത പെർമിറ്റ് ദീർഘിപ്പിച്ച് അനുവദിക്കുന്നതിന് അപേക്ഷകർ 17/02/2016 തിയ്യതിയിൽ നൽകിയ അപേക്ഷ പരിശോധിച്ച് അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് റോഡിൽ നിന്നും 2.80 മീറ്റർ അകലം വിട്ടാണ് കെട്ടിട നിർമ്മാണം എന്നും റോഡിൽ നിന്നും 1.80 ച.മീറ്റർ അകലത്തിൽ പെർമിറ്റില്ലാതെ കിണർ നിർമ്മിച്ചതായും റിപ്പോർട്ട് ചെയ്തിരുന്നു ആയത് പ്രകാരം അപേക്ഷകർക്ക് 16/04/2016,27/05/2016 ,08/06/2016 തിയ്യതികളിൽ കത്ത് നൽകിയിട്ടുണ്ട്. പെർമിറ്റ് റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകർക്ക് 16/04/2016,27/05/2016 ,08/06/2016 തിയ്യതികളിൽ നൽകിയ കത്തുകളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ 13/06/2016 തിയ്യതിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അപേക്ഷരുടെ സ്ഥലത്തിന് അടുത്തായി അമ്പലത്തിന്റെ സെപ്റ്റിക്ക് ടാങ്ക് നിർമ്മിച്ചതിനാലാണ് കിണർ സ്ഥാനം മാറ്റിയത് എന്നും റോഡിന് സ്ഥലം വിട്ട് നൽകിയതിനാലാണ് റോഡിൽ നിന്നും കെട്ടിടത്തിലേക്ക് നൽകേണ്ട ദൂരം കറവ് വന്നത് എന്ന വിശദീകരണങ്ങൾ പരിഗണിച്ച് റോഡ് വികസന സമയത്ത് കിണർ പൊളിച്ചുമാറ്റുന്നതാണ് എന്ന എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പെർമറ്റ് 10/04/2019 തിയ്യതി വരെ ദീർഘിപ്പിച്ച് അനുവദിച്ച് അനുവദിച്ചിട്ടുണ്ട്.

18/01/2023 തിയ്യതിയിൽ അപാകതകൾ പരിഹിരച്ചതായി കാണിച്ച് സമർപ്പിച്ച അപേക്ഷ സാങ്കേതിക വിഭാഗം പരശോധിക്കുകയും താഴെ ചേർത്ത പ്രകാരം റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

BL-638/09-10 പെർമിറ്റ് കാലാവധി അവസാനിച്ചതാണ് . എന്നിരുന്നാലും പെർമിറ്റ് പ്രകാരം പരിശോധിച്ചതിൽ പെർമിറ്റ് അനുവദിച്ചപ്പോഴും നിലവിൽ സമർപ്പിച്ച റെഗുലറൈസേഷൻ പ്ലാനിലും റോഡിൻറെ വീതി 4 മീറ്റർ ആണ് കാണിച്ചിരിക്കുന്നത് . റോഡിൽ നിന്നും 3 മീറ്റർ അകലത്തിലാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത് . ആയതിനാൽ റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം വിട്ടുനല്കിയതായി കാണുന്നില്ല .കൂടാതെ കക്ഷി പെർമിറ്റ് എടുക്കാതെയാണ് റോഡിൽ നിന്നും ആവശ്യമായ അകലം പാലിക്കാതെ കിണർ നിര്മിച്ചതെന്നും പെർമിറ്റ് ഫയലിൽ രേഖപെടുത്തിയതായി കാണുന്നു . 15/11/2022 തിയ്യതിൽ റിപ്പോർട്ട് ചെയ്തതിൽ അപാകത 2 പരിഹരിച്ചിട്ടുണ്ട് . എന്നാൽ അപാകതകൾ 1,3 എന്നിവ പരിഹരിച്ചിട്ടില്ല .

സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്ത നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകർക്ക് 10/03/2023 തിയ്യതിയിൽ കത്ത് നൽകിയിരുന്നു , തുടർന്ന് 31/03/2023 തിയ്യതിയിൽ കത്ത് ലഭിച്ച് 7 ദിവസത്തിനകം അപാകതകൾ പരിഹിരിക്കാത്തപക്ഷം അപേക്ഷ നിരസിക്കുന്നതാണെന്നും അപേക്ഷകരെ രജിസ്റ്റേഡ് പോസ്റ്റിൽ അറിയിച്ചുണ്ട്.

അപേക്ഷകർ കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിൽ സമർപ്പിച്ച ഡോക്കറ്റ് നമ്പർ KKD/0206/S/9479 അപേക്ഷയിൽ 25/04/2023 തിയ്യതിയിൽ മറുപടി നൽകിയിട്ടുണ്ട് കൂടാതെ ഡോക്കറ്റ് നമ്പർ KKD/0206/T/71060 നമ്പർ കത്തിൽ 01/07/2023 തിയ്യതിയിലും മറുപടി നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

കെട്ടിട നിർമ്മാണം ക്രമവൽക്കരണ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് നൽകിയ കത്തുകളും കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിൽ അപേക്ഷ സമർപ്പിച്ചത് പ്രകാരം നൽകിയ മറുപടികളും ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Secretary
Kakkodi Grama Panchayat

KAKKODI GRAMA PANCHAYATH
KOZHIKODE
673 611